ശ്രീ. പ്രാക്കുളം ഭാസി : ഇപ്പോൾ രണ്ട് മെഷീനുകൾ പ്രവർത്തിക്കുന്നതു് എവിടെയെല്ലാമാണു്?

ശ്രീ. എ. എ. റഹിം : മന്നു് ചെറായിക്കലും മറൈാന്നു് കുട്ടനാട്ടിലുമാണു്.

ശ്രീ. കെ. എ. ബാലൻ : ഏതെങ്കിലും പ്രദേശങ്ങളിൽ ഈ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉപേക്ഷിച്ചിരിക്കാം.

ശ്രീ. കെ. എ. ബാലൻ : മുനമ്പം എന്ന സ്ഥലത്തു് ഇതു് ഉപേക്ഷിച്ചതെന്തുകൊണ്ടെന്നറിയാമോ ?

ശ്രീ. എ. എ. റഹിം : ചിലപ്പോൾ അങ്ങോട്ടും ഇങ്ങോട്ടും ചില മറൈങ്ങൾ വരുത്തേണ്ടതായി വരും.

ശ്രീ. കെ. എ. ബാലൻ : അവിടെ കുഴൽക്കിണർ കുഴിക്കുന്നതിനു സത്വരനടപടികൾ എടുക്കുമോ ?

ശ്രീ. എ. എ. റഹിം : എടുക്കാം.

ശ്രീ. സി. ജി. സദാശിവൻ : ചേർത്തല താലൂക്കിൽ കുഴൽക്കിണർ കുഴിപ്പിക്കുന്നതിനുള്ള യന്ത്രം വലുതായതുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും കൊണ്ടുപോകാൻ വലിയ പ്രയാസമാണെന്നു് പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : പരാതി ലഭിച്ചിട്ടുണ്ടു്. വേറെ ഒരു ചെറിയ യന്ത്രമുള്ളതു് അങ്ങോട്ടയച്ചു അങ്ങനെയുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതാണു്.

ശ്രീ. ടി. കേശവൻശാസ്ത്രി : നമ്മുടെ കുഴൽക്കിണർ വകകൊണ്ടു് വളരെ പ്രയോജനമുണ്ടായിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണു്. അതിന്റെ വ്യാസമെന്താണെന്നു് പറയാൻ മടിയുണ്ടാകുമോ ?

ശ്രീ. എ. എ. റഹിം : മൂന്നിഞ്ചും രണ്ടര ഇഞ്ചും വ്യാസമുണ്ടു്.

ശ്രീ. കെ. എസ്സു് കൃഷ്ണശാസ്ത്രി : കുഴൽകിണർ വകകൊണ്ടു് കുഴിപ്പിക്കുന്നതിനെ സംബന്ധിച്ചു വല്ല പ്രയാറിറി ലിസ്റ്റും ഉണ്ടോ ?

ശ്രീ. എ. എ. റഹിം : പ്രയാറിറി ലിസ്റ്റ് ഒന്നും തയാറാക്കിയിട്ടില്ല.

ശ്രീ. കെ. എസ്. കൃഷ്ണശാസ്ത്രി : അതെയാണെങ്കിൽ മന്ത്രിയുടെ ഭാഗത്തിൽ ഇതുവരെ ഒരു കുഴൽക്കിണർ കുഴിക്കാതിരുന്നതെന്തുകൊണ്ടാണു് ?

ശ്രീ. എ. എ. റഹിം : തീരപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയതിനുശേഷം മറ്റു സ്ഥലങ്ങളിലും കുഴിക്കുന്നതാണു്.

മണ്ണാലിപ്പു നിവാരണ പ്രവർത്തനം.

* 135. [7] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാലിപ്പു തടയുന്നതിനുവേണ്ടി ഗവണ്മെന്റ് ഇതുവരെയും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിലേയ്ക്ക് കേന്ദ്രഗവണ്മെൻറിൽനിന്നും ലഭിച്ച തുക എത്ര; ചെലവാക്കിയ തുക എത്ര;

(സി) മണ്ണൊലിപ്പുനിവാരണത്തിനായി രണ്ടാം പഞ്ചവത്സര പദ്ധതിയിൽ എത്ര തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്; ഏതെല്ലാം പ്രവർത്തനങ്ങൾ 1955–56 സാമ്പത്തിക വർഷത്തിൽ ആരംഭിക്കും?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) മണ്ണൊലിപ്പ് വളരെ ബാധിച്ചിട്ടുള്ള സ്ഥലങ്ങളിൽ ടെറസ്സിംഗ്, ട്രെഞ്ചിംഗ്, വൃക്ഷത്തൈ നട്ടുപിടിപ്പിക്കുക, ഇഞ്ചിപ്പുല്ല് വളർത്തുക മുതലായ പ്രവർത്തനങ്ങളാണ് മണ്ണൊലിപ്പുനിവാരണത്തിനായി ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ള നടപടികൾ. അധികമായി വരുന്ന ജലപ്രവാഹത്തെ പല്ലുപിടിപ്പിച്ചോ, മറ്റുവിധത്തിലോ ബലപ്പെടുത്തിയിട്ടുള്ള നീർച്ചാലുകൾവഴി തിരിച്ചുവിടുകയും, കുത്തിയൊലിപ്പു തടയത്തക്കവണ്ണം ഇടവരമ്പുകളോ മറ്റു അണക്കെട്ടുകളോ ഇടുകയും ചെയ്യുന്ന ജോലിയും മണ്ണൊലിപ്പുനിവാരണ ഡിപ്പാർട്ടുമെൻറ് നിർവ്വഹിച്ചുവരുന്നു.

(ബി) കേന്ദ്രഗവണ്മെൻറിൽനിന്നും 39,73,260 രൂപ കടമായും, 6,62,210 രൂപ ഗ്രാൻറായും അനുവദിച്ചിട്ടുണ്ട്. ഇതുവരെ ചെലവാക്കിയ സംഖ്യ ഉദ്ദേശം 2,60,000 രൂപയാകുന്നു.

(സി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ മണ്ണൊലിപ്പുനിവാരണത്തിനായി 30 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 1955–56 സാമ്പത്തിക വർഷത്തിൽ കുമ്പൻപാറയിലെയും, വെറ്റിലപ്പാറയിലെയും പണികൾ കഴിയും. 1956–57 വർഷത്തിൽ പീച്ചിയിൽ മണ്ണൊലിപ്പുനിവാരണപണി തുടങ്ങുന്നതാണ്.

ശ്രീ. സി. എ. മാത്യു: ഈ പദ്ധതിയുടെ പ്രവർത്തനം പ്ലാൻ അനുസരിച്ചുതന്നെയാണോ നടക്കുന്നത്?

ശ്രീ. എ. എ. റഹീം: അതേ.

ശ്രീ. കെ. എം. ജാർജ്ജ്: ഈ പദ്ധതിപ്രകാരം വെറ്റിലപ്പാറയിൽ എത്രപേർ ജോലിചെയ്യുന്നുണ്ട്?

ശ്രീ. എ. എ. റഹീം: 250 പേർ.

ശ്രീ. കെ. എം. ജാർജ്ജ്: ഇവരുടെ ദിവസശമ്പളം എന്താണ്?

ശ്രീ. എ. എ. റഹീം: ഒന്നരരൂപ.

ശ്രീ. കെ. എം. ജാർജ്ജ്: ഇവരെക്കൊണ്ടു ജോലി ചെയ്യിപ്പിക്കുന്നതിനു് എത്ര ഉദ്യോഗസ്ഥന്മാർ അവിടെ ഉണ്ടെന്നു പറയാമോ?

ശ്രീ. എ. എ. റഹീം: 10 സൂപ്രവൈസറന്മാരും, ഒരാഫീസറും.

ശ്രീ. കെ. എം. ജാർജ്ജ്: ഈ 250 പേരെക്കൊണ്ടു് ജോലിചെയ്യിപ്പിക്കുന്നതിനു് പ്രതിമാസം 60,000 രൂപയിൽകൂടുതൽ ചെലവാകുന്നുണ്ടെന്നുള്ളതു് ശരിയാണോ?

ശ്രീ. എ. എ. റഹീം: അല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജാർജ്ജ്: ഈ പദ്ധതി ഒരു പരാജയമാണെന്നും ആക്ഷേപമുണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: ആക്ഷേപമുണ്ടായിട്ടുണ്ട്. പക്ഷെ അതു് ശരിയല്ല.

ശ്രീ. എം. ഭാസ്കരൻനായർ: സെൻട്രൽ ഗവണ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള തുക മുഴുവൻ ചെലവാക്കാത്തതു് എന്തുകൊണ്ടാണു്?

ശ്രീ. എ. എ. റഹീം: പദ്ധതി മുഴുവൻ ആയിട്ടില്ല. അതിൻെറ പ്രവർത്തനം ഊർജ്ജിതമായി നടത്തിവരുന്നുണ്ടു്.

ശ്രീ. പി. കെ. യശോധരൻ: അവിടെ 250 പേരെമാത്രം എടുക്കുന്നുള്ള കാരണമെന്താണു്?

ശ്രീ. എ. എ. റഹീം: ആയിരമായി വികസിപ്പിക്കുവാനുള്ള നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ഈ പദ്ധതിയിൽ ഏപ്പെട്ടിട്ടുള്ള തൊഴിലാളികൾക്കു് ട്രേഡ്യൂണിയൻ സംവകാശങ്ങൾ അനുവദിക്കുന്നില്ലെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: ഇല്ല.

ശ്രീ. കെ. എം. ജാർജ്ജ്: ഈ 250 തൊഴിലാളികൾക്കു് വസ്ത്രമോ വൈദ്യസഹായമോ നൽകുന്നുണ്ടോ?

ശ്രീ. എ. എ. റഹീം: അവക്കാവശ്യമായ വൈദ്യസഹായം നൽകുന്നുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: ഇതിൽ തൊഴിലാളികളെ റിക്രൂട്ടുചെയ്യുന്നതു് ഒരു എഗ്രിമെൻറ് അനുസരിച്ചല്ലേ?

ശ്രീ. എ. എ. റഹീം: അതേ.

ശ്രീ. പ്രാക്കുളം ഭാസി: 45 ലക്ഷം രൂപ കേന്ദ്രത്തിൽനിന്നും ലോണും ഗ്രാൻറുമായി അനുവദിച്ചിട്ടു് 2 ലക്ഷം രൂപ മാത്രമേ ചെലവാക്കാൻ സാധിച്ചുള്ളു എന്നു പറഞ്ഞതിൻെറ കാരണം എന്താണു്?

ശ്രീ. എ. എ. റഹീം: ഇപ്പോൾ 250 ആളുകളെ എടുത്താണു് പ്രവർത്തനം നടത്തിവരുന്നതു്. അതിനാവശ്യമായ തുകയാണു് ചെലവായിട്ടുള്ളതു്. കൂടുതൽ ആളുകളെയെടുത്തു് പദ്ധതി വികസിപ്പിക്കാനുള്ള അവസരം ലഭിക്കാത്തതുകൊണ്ടാണു് കൂടുതൽ തുക ചെലവാക്കാത്തതു്.

ശ്രീ. പ്രാക്കുളം ഭാസി: ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് കഴിഞ്ഞകാലത്തു പി. എസ്. പി. ഗവണ്മെൻറ് ഇൻഡ്യാഗവണ്മെൻറിനോടു നിവേദനം നടത്തിയതിൻെറ ഫലമായിട്ടാണു് ഈ പദ്ധതി അനുവദിച്ചതെന്നറിയാമോ?

ശ്രീ. എ. എ. റഹീം: ഈ പദ്ധതി തൊഴിലാളികൾക്കു് സഹായകരമാണെന്നറിയാം.

ശ്രീ. പ്രാക്കുളം ഭാസി: അങ്ങനെയുള്ള പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്താത്തതു എന്തുകൊണ്ടാണു?

ശ്രീ. എ. എ. റഹീം: കൂടുതൽ ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: എന്തുകൊണ്ടാണു് അതിനു് ഇത്രയും താമസം നേരിട്ടതു?

ശ്രീ. എ. എ. റഹീം: എല്ലാ താലൂക്കിൽനിന്നും തിരഞ്ഞെടുക്കുന്നതിനുള്ള താമസമാണു്.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ കൂടുതൽ ആളുകളെ എടുത്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: അതിനു നടപടികളെടുത്തിട്ടുണ്ട്.

ശ്രീ. പി. കെ. യശോധരൻ: ഈ ജോലിക്കു് വളരെപ്പേർ എംപ്ലോയിമെന്റു് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. എ. റഹീം: ഈ ജോലിക്കു തയ്യാറുള്ളതായി വളരെപ്പേർ ഉണ്ടു്. അവരിൽനിന്നും എടുത്തുതുടങ്ങുന്നതാണു്.

രോഗികളുടെ ആഹാരം.

* 136. [8] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള എത്ര ആശുപത്രികളിൽ രോഗികൾക്കു് ആഹാരം കൊടുക്കാനുള്ള ഏർപ്പാടു് ചെയ്യാതെയുണ്ടു്; എവിടെയെല്ലാം;

(ബി) ഈ സാമ്പത്തികവർഷത്തിൽ നെയ്യാറിൻകര താലൂക്കിലുള്ള ഏതെങ്കിലും ആശുപത്രിയിൽ രോഗികളുടെ ആഹാരത്തിനുവേണ്ടി അനുവദിച്ച തുക ചെലവാകാതെയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു് ആശുപത്രിയിൽ; എന്തുകൊണ്ടു്;

(ഡി) നെയ്യാറിൻകര താലൂക്കിലുള്ള വെൺപകൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ രോഗികൾക്കു് ആഹാരം നൽകിവരുന്നില്ലെന്ന എന്തെങ്കിലും പരാതികിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുനടപടിയെടുത്തു;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ കിടത്തി ചികിത്സിക്കപ്പെടുന്ന രോഗികൾക്കു് ആഹാരവിതരണം ചെയ്യുന്നതിനു വേണ്ട ഉത്തരവുകൾ ഉടനടി പുറപ്പെടുവിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിലില്ല. പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള താഴെപ്പറയുന്ന ആശുപത്രികളിൽ രോഗികൾക്കു് ആഹാരം കൊടുക്കുന്നില്ല. തൃക്കുന്നപ്പുഴ, പത്തനാപുരം, മാറനല്ലൂർ, വെൺപകൽ.

LIBRARY ARCHIVES Kerala Legislative Assembly